# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :947 — 11.07.2016 ൽ മറുപടിയ്ക്ക്

### ഭൂരഹിതർക്കുള്ള ഭൂമി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ. ശശി** | **ശ്രീ.ഇ. ചന്ദ്രശേഖരൻ** (റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | എൽ.ഡി.എഫ് സർക്കാർ അധികാര മേറുമ്പോൾ സംസ്ഥാനത്താകമാനം സ്വന്തമായി ഭൂമിയില്ലാത്തവർ എത്രയാണെന്നും, അതിൽ പിന്നോക്ക വിഭാഗക്കാർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ എത്രയാണെന്നും പരിശോധി ച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | സ്വന്തമായി ഭൂമിയില്ലാത്തവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിനു വേണ്ടി വിവിധ റവന്യൂ ഓഫീസുകൾ മുഖേന ലഭ്യമായിരുന്ന അപേക്ഷകളിൽ നിന്ന് തെരഞ്ഞെടുത്തിരുന്ന ഗുണഭോക്താക്കളിൽ പദ്ധതിയുടെ ആനുകൂല്യം നൽകിയത് കിഴിച്ച് 2,15,000 ത്തോളം കുടുംബങ്ങൾ ഭൂരഹിതരായിട്ടുണ്ടെന്ന് കാണുന്നു. ഇതിൽ പട്ടികജാതി വിഭാഗത്തിൽ 26243 കുടുംബങ്ങളും പട്ടികവർഗ്ഗ വിഭാഗത്തിൽ 1167 കുടുംബങ്ങളും ഉൾപ്പെടുന്നു. മറ്റ് പിന്നോക്ക വിഭാഗക്കാരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. |
| (ബി) | യു ഡി എഫ് സർക്കാർ കണ്ടെത്തിയ ഭൂരഹിതർ എത്രയാണെന്നും, പ്രസ്തുത ആളുകൾക്ക് എത്ര സെന്റ് /ഏക്കർ സ്ഥലം (വാസയോഗ്യമായതും അല്ലാത്തതും) വീതം നല്കിയിട്ടുണ്ടെന്നും ആയത് ജില്ല വിട്ട് നല്കിയത് എത്രപേർക്കാണെന്നും അപ്രകാരം നൽകിയ ഭൂമി പല കാരണങ്ങളാൽ സ്വീകരിക്കാൻ കഴിയാത്തവർ എത്രയാ ണെന്നും വ്യക്തമാക്കുമോ; | ഭൂരഹിത രില്ലാത്ത കേരളം പദ്ധതിയിലേയ്ക്ക് ലഭിച്ച അപേക്ഷകളിൽ നിന്ന് പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടുള്ള 2,44,124 കുടുംബങ്ങളെ ഭൂരഹിതരാണെന്ന് കണ്ടെത്തിയിരുന്നു. ആയതിൽ 58,398 കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം അനുവദിച്ച് പട്ടയം നൽകിയിട്ടുണ്ട്. ഇതിൽ 29,875 പേർക്ക് 3 സെന്റ് ഭൂമി വീതം ഇതുവരെ നൽകിക്കഴിഞ്ഞു. അപ്രകാരം 896.25 ഏക്കർ ഭൂമി നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് സ്വന്തം ജില്ല വിട്ട് ഭൂമി നൽകിയിട്ടില്ല. |
| (സി) | യു ഡി എഫ് സർക്കാർ ഭൂരഹിതർക്ക് നല്കിയ ശരാശരി ഭൂമി (അളവ്) എത്രയെന്നും കൈയ്യേറ്റക്കാർക്ക് നല്കിയ ശരാശരി ഭൂമി (പതിച്ചു നല്കിയ അളവ്) എത്രയെന്നും വ്യക്തമാക്കുമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം യുഡിഎഫ് സർക്കാർ 29,875 ഭൂരഹിത കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകിയിട്ടുണ്ട്. കൈവശം വച്ചിട്ടുള്ള ഭൂമി പതിച്ചു നൽകിയതിന്റെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

| | | |
|---|---|---|
| (ഡി) | കഴിഞ്ഞ സർക്കാർ വ്യക്തികൾ/ ട്രസ്റ്റുകൾ/ മറ്റുള്ളവർ എന്നിവർക്കായി പതിച്ചുനല്കിയ ഭൂമി എത്ര ഏക്കറാണെന്ന് ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | വിവരം ശേഖരിച്ചു വരുന്നു |
| (ഇ) | ഭൂരഹിതരായ ജനവിഭാഗത്തിന് ഭൂമി നല്കാൻ (അളവുസഹിതം) ഈ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്നും, കഴിഞ്ഞ സർക്കാർ അനധികൃതമായി പതിച്ചു നൽകിയ ഭൂമിയും, ഭൂമികൈയ്യേറ്റക്കാരുടെ കൈവശമുള്ള ഭൂമിയും, കണ്ടെത്തി തിരിച്ചുപിടിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ? | ഭൂരഹിതരായ ജനവിഭാഗത്തിന് അർഹത പരിശോധിച്ച് വീട് വയ്ക്കുന്നതിന് ആവശ്യമായ ഭൂമി നൽകുന്നതിനാണ് ഈ സർക്കാർ പ്രഥമ പരിഗണന നൽകി വരുന്നത്. കഴിഞ്ഞ സർക്കാർ അനധികൃതമായി ഭൂമി പതിച്ചു നൽകിയ ഉത്തരവുകൾ കാബിനറ്റ് സബ് കമ്മിറ്റിയുടെ പരിഗണനയിലാണ്. ഭൂമികൈയ്യേറ്റക്കാരുടെ കൈവശമുള്ള ഭൂമി കണ്ടെത്തി തിരിച്ചുപിടിക്കാൻ നടപടി കൈക്കൊള്ളുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ